"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറുടെ ചുമതലയിലുള്ള ഡിപ്പാർട്ടുമെന്റ് വാഹനം - KL 01 CH 6872 Mahindra TUV 300 അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.901/2024/HOME    തീയതി,തിരുവനന്തപുരം, 25-03-2024

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 04.01.2024 തീയതിയിലെ ആർ3–170808/2023/പി.എച്ച്.ക്യു നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന പോലീസ് മേധാവിയുടെ പരാമർശിത കത്തുപ്രകാരം, തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറുടെ ചുമതലയിലുള്ള ഡിപ്പാർട്ടുമെന്റ് വാഹനമായ KL 01 CH 6872 Mahindra TUV 300 അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി 94,300/- രൂപ 2055-00-109-99-21 MV 2 R&M എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അപേക്ഷയിലെ വിശദാംശങ്ങളുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ, തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറുടെ ചുമതലയിലുള്ള ഡിപ്പാർട്ടുമെന്റ് വാഹനമായ KL 01 CH 6872 Mahindra TUV 300 അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി 94,300/- രൂപ (തൊണ്ണൂറ്റിനാലായിരത്തി മുന്നൂറ് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിലെ 2055-00-109-99-21 MV 2 R&M എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിന്, നിലവിലെ ചട്ടങ്ങൾക്കും, നടപടി ക്രമങ്ങൾക്കും വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം. (അപേക്ഷയോടൊപ്പം ലഭ്യമാക്കിയ എല്ലാ രേഖകളും സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
പോലീസ് കമ്മീഷണർ, തൃശ്ശൂർ സിറ്റി.
ധനകാര്യ വകുപ്പ് (16.03.2024 ലെ വ്യയം-എ3/170/2024-ധന (2724841) പ്രകാരം).
ഡയറക്ടർ, ഐ & പിആർഡി (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Jalajakumari M S
Date: 25.03.2024 15:32:44
സെക്ഷൻ ഓഫീസർ